പത്രപ്രസ്താവന

ഭാരതീയ റിസര്‍വ് ബാങ്ക്
വാര്‍ത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001
ഒക്ടോബര്‍ 29, 2019

**ജല്‍ഗാണ്‍ പീപ്പിള്‍സ് കോ -ഓപ്പറേറ്റീവ് ബാങ്ക് Ltd., ജല്‍ഗാണ്‍ (മഹാരാഷ്ട്ര) - ഭാരതീയ റിസര്‍വ് ബാങ്ക് പിഴ ചുമത്തിയിരിയ്ക്കുന്നു.**

വരുമാനം തിരിച്ചറിയല്‍/ ആസ്തി വര്‍ഗീകരണ മാനദണ്ഡങ്ങള്‍, വായ്പാ നിര്‍വഹണം എന്നീ കാര്യങ്ങളില്‍ ഭാരതീയ റിസര്‍വ്ബാങ്ക് പുറപ്പെടുവിച്ച നിര്‍ദേശങ്ങളും ഉത്തരവുകളും പാലിക്കാത്തതിനാല്‍ ഒക്ടോബര്‍ 14, 2019ലെ ഉത്തരവ് പ്രകാരം **ജല്‍ഗാണ്‍ പീപ്പിള്‍സ് കോ -ഓപ്പറേറ്റീവ്** ബാങ്കിന് 25 ലക്ഷം രൂപയുടെ പിഴ ചുമത്തിയിരിക്കുന്നു. 1949 ലെ ബാങ്കിങ് റെഗുലേഷന്‍ നിയമം 47A(1)(c), 46(4)(i) എന്നീ വകുപ്പുകളാല്‍ റിസര്‍വ് ബാങ്കില്‍ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് പിഴ ചുമത്തിയിരിക്കുന്നത്.

റിസര്‍വ് ബാങ്കിന്റെ നിര്‍ദ്ദേശങ്ങള്‍ പാലിക്കുന്നതില്‍ ബാങ്കിന്റെ ഭാഗത്തു നിന്നും ഉണ്ടായ ന്യൂനതകളാണ് ഈ നടപടിക്ക് ആധാരമെന്നും ബാങ്കും ഇടപാടുകാരും തമ്മില്‍ നടന്നിട്ടുള്ള ഇടപാടുകളുടെയും ഉടമ്പടികളുടെയും സാധുതയെ ചോദ്യം ചെയ്യുന്നില്ലെന്നും വ്യക്തമാക്കുന്നു.

**പശ്ചാത്തലം**

മാര്‍ച്ച് 31, 2018 ലെ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മ പരിശോധന വെളിവാക്കുന്നത് മറ്റു പലതിനോടും ഒപ്പം വരുമാനം തിരിച്ചറിയല്‍/ ആസ്തി വര്‍ഗീകരണ മാനദണ്ഡങ്ങള്‍, വായ്പാ നിര്‍വഹണം എന്നീ കാര്യങ്ങളില്‍ ഭാരതീയ റിസര്‍വ്ബാങ്ക് പുറപ്പെടുവിച്ച നിര്‍ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതില്‍ ബാങ്ക് പരാജയപ്പെട്ടു എന്നാണ്. ഈ ലംഘനത്തിന് പിഴ ചുമത്താതിരിക്കുവാന്‍ എന്തെങ്കിലും കാരണമുണ്ടെങ്കില്‍ അവ ബോധ്യപ്പെടുത്തുന്നതിനായി കമ്പനിക്കു കാരണം കാണിക്കല്‍ നോട്ടീസ് നല്‍കുകയുണ്ടായി. കമ്പനിയുടെ മറുപടി പരിശോധിയ്ക്കുകയും അത് തീരെ തൃപ്തികരമല്ല എന്ന് ബോധ്യപ്പെടുകയും ചെയ്തു. ഈ വിഷയത്തിന് ആസ്പദമായ എല്ലാ വസ്തുതകളും കമ്പനിയുടെ മറുപടിയും കമ്പനി നേരിട്ട് അവതരിപ്പിച്ച വാദങ്ങളും കൂലംകക്ഷമായി പരിശോധിച്ചതിനുശേഷം നിര്‍ദ്ദേശങ്ങള് ലംഘിച്ചു എന്ന് ഉറപ്പ് വരുത്തുകയും അതിനാല്‍ പിഴ ചുമത്തേണ്ടതാണ് എന്ന നിഗമനത്തില് ഭാരതീയ റിസര്‍വ് ബാങ്ക് എത്തുകയും ചെയ്തു.

(യോഗേഷ് ദയാല്‍)
ചീഫ് ജനറല്‍ മാനേജര്‍

പത്രപ്രസ്താവന: 2019-2020/1050